പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2073 05/05/17-ൽ മറുപടിയ്ക്ക്

**പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് കലാ-സാഹിത്യ-സാംസ്കാരിക രംഗങ്ങളിൽ പ്രോത്സാഹനം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.മഞ്ഞളാംകുഴി അലി** | | **ശ്രീ. എ.കെ.ബാലൻ**<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പട്ടികജാതി/വർഗ്ഗവിഭാഗങ്ങൾക്ക് കലാ-സാഹിത്യ -സാംസ്കാരിക രംഗങ്ങളിൽ മതിയായ അവസരങ്ങൾ ലഭിക്കുന്നില്ലെന്ന് കരുതുന്നുണ്ടോ; | എ) | ഇല്ല. |
| ബി) | എങ്കിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാകുന്നതരത്തിൽഎന്തെല്ലാം പ്രോത്സാഹനങ്ങളാണ് നൽകി വരുന്നതെന്ന് വിശദമാക്കുമോ; | ബി) | പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് കലാസാഹിത്യ സാംസ്കാരിക രംഗങ്ങളിൽ അവസ-രങ്ങൾ ലഭിക്കുന്നതിനായി എല്ലാ വർഷവും സംസ്ഥാനത്തെ 2 സ്ഥലങ്ങളിൽ 2 കലാമേളകൾ ഗദ്ദിക എന്ന പേരിൽ (10 ദിവസം വീതം) സംഘടിപ്പിക്കുന്നു. കൂടാതെ പട്ടികവർഗ്ഗവികസന വകുപ്പ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികൾക്കായി 'സർഗ്ഗോത്സവം' എന്ന കലാമേള സംഘടിപ്പിക്കുന്നുണ്ട്. കലാകായിക മേളകളിൽ മികവ് പുലർത്തുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പ്രത്യേക ക്യാഷ് അവാർഡ് അനുവദിച്ചു നൽകുന്നുണ്ട്. പട്ടികജാതി വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടികവർഗ്ഗക്കാരെക്കൂടി ഉൾപ്പെടുത്തി സാഹിത്യ ശിൽപശാല എല്ലാ വർഷവും സംഘടിപ്പിക്കുന്നുണ്ട്. സംസ്ഥാന സ്കൂൾ കലോൽസവത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാരുടെ തനത് നൃത്തരൂപങ്ങൾ പ്രദർശന ഇനമായി അവതരിപ്പിക്കുന്നുണ്ട്. |

| | | | |
|---|---|---|---|
| സി) | പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ സാഹിത്യ സൃഷ്ടികൾ പ്രസിദ്ധീകരിക്കുന്നതിനോ സിനിമ, നാടകം എന്നിവയ്ക്കോ ഏതെങ്കിലും തരത്തിലുള്ള സാമ്പത്തിക സഹായം നൽകി വരുന്നുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | സി) | പട്ടികജാതിവിഭാഗത്തിൽപ്പെട്ടവരുടെ സാഹിത്യ സൃഷ്ടികൾ പുസ്തക രൂപത്തിൽ പ്രസിദ്ധീകരിയ്ക്കുന്നതിന് 20,000/-രൂപ സാമ്പത്തിക സഹായം അനുവദിക്കുന്നു. സിനിമ, നാടകം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നില്ല. |

സെക്ഷൻ ഓഫീസർ